78

# നിങ്ങൾ ആഗ്രഹിക്കാത്ത സ്ഥാനത്തു നിങ്ങളെ കാണുമ്പോൾ

## (28:1-11)

പൗലൊസിന്റെ റോമയിലേക്കുള്ള യാത്രയെ നമ്മുടെ ജീവിതത്തിലെ കടലുമായി നാം താരതമ്യം ചെയ്യുകയുണ്ടായി. ചുരുങ്ങിയതു മറ്റൊരു സമാനത നമുക്കിതിൽ നിന്നു വരക്കാം: പൗലൊസിനെ പോലെ, നാം പ്രതീക്ഷിക്കുന്ന സ്ഥലത്തു എപ്പോഴും നമ്മെ കണ്ടെത്തുവരികയില്ല.

ഒരു നിമിഷം എടുത്തു പൗലൊസ് റോമയിലേക്കു യാത്ര ചെയ്ത ഭൂപടം ഒന്നു നോക്കുക.[1] മനസ്സിൽ കൈസര്യയിൽ നിന്നു (യാത്ര ആരംഭിച്ച സ്ഥലത്തു നിന്ന്) ഒരു നേർരേഖ റോമയിലേക്കു വരക്കുക (യാത്ര അവസാനിച്ച സ്ഥലം). ഇപ്പോൾ ആ രേഖയും അവന്റെ കപ്പലുകൾ വാസ്തവത്തിൽ പോയ സ്ഥലങ്ങളുമായി താരതമ്യം ചെയ്യുക: വടക്കുള്ള, തീരം; പടിഞ്ഞാറുള്ള, തീരത്തിനടുത്ത് ഇപ്പോഴത്തെ തുർക്കി; തെക്കു ക്രേത്ത ദ്വീപിലേക്കും പടിഞ്ഞാറ് ശുഭതുറമുഖം; അവസാനം, തെക്കോട്ട്, പിന്നെ പടിഞ്ഞാറോട്ട് (കുറച്ച് വടക്കോട്ടും പിന്നെ കുറച്ചു കിഴക്കോട്ടും), "കപ്പൽ അങ്ങോട്ടും ഇങ്ങോട്ടും ഓടി" (പ്രവൃത്തികൾ 27:27; ASV) അതു അവസാനം മെലിത്താ ദ്വീപിൽ ചെന്നടിക്കുന്നതുവരെ അങ്ങനെ യാത്ര ചെയ്തു. വളരെ താമസിച്ചു വഴി മാറി സഞ്ചരിച്ചതിനുശേഷം കടൽ യാത്രക്കാർ വീണ്ടും നേരെ വടക്കോട്ട്, റോമയിലേക്കു തിരിച്ചു.

നമ്മിൽ പലർക്കും ജീവിതം അങ്ങനെയാണ്. ചില ആളുകളുടെ ജീവിതം നേർരേഖ വരച്ചതുപോലെ, ആരംഭിച്ച ലക്ഷ്യമായി യാത്ര വ്യതിചലിക്കാതെ ലക്ഷ്യം നിറവേറ്റും. മറ്റുള്ളവരുടെ ജീവിതം അപ്രതീക്ഷിത വഴിത്തിരിവുകളും ചുറ്റലും ആയിരിക്കും എന്റെ ഒരു സ്നേഹിത അവ

ളുടെ ഭർത്താവിന്റെ മരണവുമായി പോരാടിയിരുന്നു; അവൾ അവനെ ആശ്രയിച്ചാണ് കഴിഞ്ഞിരുന്നത് മരണശേഷം അവൾ കാര്യങ്ങൾ ചെയ്യുവാൻ വളരെ ക്ലേശിച്ചു. വേറൊരു സ്നേഹിതൻ അടുത്ത സമയത്ത് എനിക്കെഴുതുകയുണ്ടായി, "ഞാൻ വിചാരിച്ചതു എന്റെ ഈ പ്രായത്തിൽ വീട്ടിൽ പേരക്കുട്ടികളുമായി കഴിയുമായിരിക്കും എന്നാണ് – പക്ഷെ ഇവിടെ ഞാൻ ജോലി ചെയ്യുകയും ഞാൻ എന്നെത്തന്നെ പരിപാലിക്കയും ചെയ്യുന്നു!" നിങ്ങൾ ആഗ്രഹിക്കാത്ത സ്ഥാനത്ത് നിങ്ങൾ കാണപ്പെടുമ്പോൾ, അതിനു നിങ്ങൾ എന്തു ചെയ്യും? നിങ്ങൾക്കു എന്തു *ചെയ്യുവാൻ* കഴിയും?

പൗലൊസ് താൻ മെലിത്ത ദ്വീപിൽ ആയതു കണ്ടപ്പോൾ, അവൻ അവിടെ ആകാൻ ആഗ്രഹിച്ചതല്ല. അവൻ റോമയിൽ എത്തുവാനാണ് ആഗ്രഹിച്ചത് (19:21). അവനെ യെരുശലേമിൽ പിടിച്ച ശേഷം, അവൻ റോമയിൽ സാക്ഷീകരിക്കേണ്ടതാണെന്ന് കർത്താവു ഉറപ്പുകൊടുത്തിരുന്നു (23:11). അപ്പൊസ്തലൻ കൈസരെ അഭയം ചൊല്ലി റോമയ്ക്ക് യാത്ര തുടങ്ങി. യാത്രയിൽ, അവൻ കൈസരുടെ മുമ്പിൽ നില്ക്കേണ്ടതാണ് എന്നു ദൈവം അവനു വാഗ്ദാനം നല്കിയിരുന്നു (27:24). അപ്പോൾ തലസ്ഥാന നഗരത്തിൽ എത്തുവാനുള്ള എല്ലാ അവകാശവും പൗലൊസിനു ഉണ്ടായിരുന്നു. പകരം, ഒരു ചെറിയ ദ്വീപിൽ തട്ടി നിന്നതായി അവനെ കണ്ടു, റോമയിലേക്കു ഇനിയും മൈലുകൾ പോകണം, ശൈത്യമാണ് വസന്തകാലം ആകാതെ ദ്വീപിൽ നിന്നു പോകുന്നതു അസാധ്യമായിരുന്നു.

താൻ ആകുവാൻ ആഗ്രഹിക്കാത്ത സ്ഥലത്തു പൗലൊസ് എത്തിയപ്പോൾ, അവൻ എന്തു ചെയ്തു? നമ്മിൽ ചിലർ ചെയ്യുന്നതുപോലെ അവൻ പെരുമാറിയോ: ആവലാതിപ്പെടുകയും ദുർമുഖം കാണിക്കയും ചെയ്യുക? സ്വയം – കേന്ദ്രീകൃതമാവുക, കയ്പുള്ള വ്യക്തിയാവുകയോ? കുഴപ്പത്തിൽ തന്നെ ഇരുന്നു മറ്റുള്ളവരെയും കുഴപ്പത്തിലാക്കിയോ? തന്റെ സാഹചര്യത്തോടു പൗലൊസ് എങ്ങനെ പ്രതികരിച്ചു എന്നു നമുക്കു നോക്കാം.

പാഠം പ്രായോഗികമാക്കുമ്പോൾ, ഞാൻ *എനിക്ക്* ബുദ്ധിയും, ദൈവ – ഭയവുമുള്ള ഉപദേശം നല്കുന്ന ഒരു വല്ല്യമ്മയെ കണ്ടെത്തി.[2] ഞാൻ റോപ്പറിന്റെ[3] വല്ല്യമ്മയെ പരിചയപ്പെടുത്തട്ടേ: അവരുടെ മുഖത്ത് ചുളിവുകൾ ഉണ്ട്, അവൾക്കു ദു:ഖകരമായ അനുഭവങ്ങൾ ഉണ്ടായിരുന്നു; പക്ഷെ ജീവിതത്തെ കയ്പ്പുള്ളതാക്കിയില്ല. അവൾ കർത്താവിനെ സ്നേഹിക്കുകയും, എന്നെ സ്നേഹിക്കുകയും ചെയ്തു. അവൾ എന്നെക്കുറിച്ച് ഉത്ക്കണ്ഠപ്പെട്ടപ്പോൾ, അവളുടെ കണ്ണുകൾ പ്രകാശിതവും എന്റെ ആത്മാവിലേക്കു കുത്തുകൊള്ളുന്നതുമായി തോന്നി. ഞാൻ യുവാവായിരുന്നപ്പോൾ, അവളുടെ ഉപദേശം ഞാൻ ചെവിക്കൊള്ളാറില്ലായിരുന്നു, എന്നാൽ അവൾ പറയുന്നതു ശ്രദ്ധിക്കുവാൻ കാലം എന്നെ പഠിപ്പിച്ചു. നമ്മുടെ കഴിഞ്ഞ പാഠം അവസാനിപ്പിച്ച ഭാഗത്തുനിന്നു നമ്മുടെ വിവരണം തുടങ്ങാം.

## "അതു മോശമാകുമായിരുന്നു"[4]

**(28:1)**

*പൗലൊസ് കടൽത്തീരത്തു അവശനായി, ശ്വാസത്തിനു വേണ്ടി ബന്ധപ്പെടുന്നു, വെള്ളം കുടിച്ചു രക്ഷപ്പെട്ട് കരയിലെത്തിയവർ ഞെരങ്ങിക്കിടക്കുകയാണ്. 276 പേർ നനഞ്ഞും, വിശന്നും, വിറച്ചും കൊണ്ട്, കടൽ വലിച്ചെറിഞ്ഞ മനുഷ്യക്കഷണങ്ങൾ പോലെ ഒരുമിച്ചു ചുരുണ്ടു കൂടി കിടക്കുന്നു. അവർ കടലിലേക്കു നോക്കിയപ്പോൾ കടൽ പതുക്കെ അവരുടെ കപ്പലിനെ ഇടിച്ചുപൊളിച്ചു കളയുന്നതായി കണ്ടു.*[5]

അപ്പോൾ അവരുടെ വിചാരങ്ങൾ എന്തായിരിക്കുമെന്നാണ് നിങ്ങൾ കരുതുന്നത്? കപ്പലുടമയുടെ കണ്ണുകളിൽ നിന്നു കണ്ണുനീർ ഒഴുകിക്കാണും കാരണം കപ്പലും ചരക്കും പോയി, എന്നാൽ ഭൂരിഭാഗം പേരും – പൗലൊസ് അടക്കം – ജീവൻ തിരിച്ചു കിട്ടിയതിനു അതീവ കൃതാർത്ഥരായിരുന്നു!

ലൂക്കൊസ് രേഖപ്പെടുത്തിയതു, "രക്ഷപ്പെട്ട ശേഷം, ദ്വീപിന്റെ പേർ മെലിത്ത[6] എന്നു ഞങ്ങൾ ഗ്രഹിച്ചു"[7] (വാക്യം 1). മെലിത്ത, കുന്നും കുഴിയുമുള്ള പതിനെട്ടു മൈൽ നീളവും, എട്ടുമൈൽ വീതിയും ഉള്ള സിസിലിയിൽ നിന്നും അമ്പത്തി – എട്ടുമൈൽ തെക്കുമാറിയുള്ള ഒരു ചെറിയ ദ്വീപായിരുന്നു, അതു മദ്ധ്യധരണ്യാഴിയിൽ ഇതല്യെക്കും വടക്കേ ആഫ്രിക്കയ്ക്കും മദ്ധ്യേ ആയിരുന്നു. അവിടെ മുൻപു താമസിച്ചിരുന്നതു ഫൊയിനീക്യ കച്ചവടക്കാരായിരുന്നു, എന്നാൽ ബി.സി. 218–ൽ അതു റോമൻ ഭരണത്തിൻ കീഴിലായിരുന്നേക്കാം. കനാനിറ്റ് ഭാഷയിൽ "മെലിത്തയുടെ" അർത്ഥം "റെഫ്യൂജ്"; ഒരു പക്ഷേ, ഫൊയിനിക്യൻ കച്ചവടക്കാരായിരിക്കും ആ പേർ നൽകിയത്. കാരണം അവർ അഭയം തേടിയതു ആ ദ്വീപിൽ ആയിരുന്നു.[8] ആ ദ്വീപ് ഇപ്പോൾ പൗലൊസിനും മറ്റു സഹയാത്രികർക്കും അഭയം കൊടുത്തിരിക്കുന്നു.

*ഞാൻ രംഗം നോക്കിയപ്പോൾ, എന്റെ ഒരു വശത്ത് റോപ്പറിന്റെ വെല്ല്യമ്മ നില്ക്കുന്നു, തണുപ്പിൽ നിന്നു രക്ഷപ്പെടുവാൻ തോളിൽ ഒരു ഷാളുമായി നിൽക്കുന്നു. "ഡേവിഡേ, ആ അഭയാർത്ഥികളെ നോക്കുക," അവൾ പറയുന്നു, "ഓർമ്മിക്കുക: എന്തു സംഭവിച്ചാലും, അതു മോശമാകുമായിരുന്നു. പൗലൊസും മറ്റുള്ളവരും നനഞ്ഞു, തണുത്തു, ക്ഷീണിക്കയും ചെയ്തു – എന്നാൽ അവർ മരിച്ചു പോകാനിടയുണ്ടായിരുന്നു!" ഞാൻ ഇതു കാണുമ്പോൾ നിരാശപ്പെടും എന്നവൾക്കറിയാവുന്നതുകൊണ്ട് എന്നെ ഇപ്രകാരം ഉപദേശിച്ചത്.*

നാം വാസ്തവത്തിൽ ആയിരിക്കാൻ ആഗ്രഹിക്കാത്ത സ്ഥാനത്തായി നാം കാണപ്പെടുമ്പോൾ, നമ്മുടെ മനോഭാവത്തെ നാം വളർത്തിയെടുക്കണം. "നിങ്ങൾക്കു എപ്പോഴും നിങ്ങളുടെ സ്ഥലം തിരഞ്ഞെടുക്കാൻ കഴിയുന്നില്ല, എന്നാൽ നിങ്ങളുടെ മനോഭാവം നിങ്ങൾക്കു തിരഞ്ഞെടുക്കാം."[9]

## "പ്രകാശമുള്ള വശം നോക്കുക"

**(28:2)**

*മഴ – നനച്ച മെലിത്ത ദ്വീപിന്റെ കടല്ക്കരക്കു ചുറ്റും നാം നോക്കു*

*മ്പോൾ, കപ്പൽ ഛേദത്തിൽ അകപ്പെട്ടവർ മാത്രം ആയിരുന്നില്ല. കപ്പൽ കരക്കടുത്തു കിടക്കുന്നതു ആരോ കണ്ടു വിവരം മറ്റുള്ളവരെ അറിയിച്ചു ആളുകൾ പൊങ്ങിക്കിടന്നു കരയിലേക്കു വരുന്നവരെ സ്വീകരിക്കുന്നതിനു ഒരു കമ്മിറ്റിയും ഒരുങ്ങി.*

ലൂക്കൊസ് എഴുതി, "അവിടത്തെ ബർബ്ബരന്മാർ ഞങ്ങൾക്കു അസാധാരണ[10] ദയ കാണിച്ചു;[11] മഴയും ശീതവും നിമിത്തം തീ കൂട്ടി ഞങ്ങളെ ഒക്കെയും, കൈക്കൊണ്ടു" (വാക്യം 2) അതു ഒക്ടോബർ അവസാനമോ നവംബർ ആദ്യമോ ആയിരുന്നു ഏതാണ്ട് 50° ഫാരൻ ഹീറ്റ് (10° സെൽഷ്യസ്) ആയിരിക്കും. ആ സമയത്ത് മദ്ധ്യധരണ്യാഴിയുടെ ചുറ്റും – ഒരാൾ നനയത്തക്ക തണുപ്പുണ്ടാകും, ക്ഷീണിക്കയും, മഴയത്താണെങ്കിൽ വിറെച്ചുപോകും. "വെള്ളം നിറഞ്ഞവ [രായ] ആളുകൾ രണ്ടാഴ്ച്ചയോളം കാറ്റിൽ – ഇളകി മറിഞ്ഞ കപ്പലിൽ[12] നിന്നാണ് അവർ വന്നത്, അവർക്ക് ആ തീ – വൈകാരികമായും ശാരീരികമായും എത്രമാത്രം ചൂടേകിക്കാണും!"[13]

പ്രാദേശികരായവരുടെ ദയ "അസാധാരണ" മായിരുന്നു കാരണം ഭൂമിയാൽ വലയം ചെയ്യപ്പെട്ട കടൽക്കൊള്ളക്കാർ കപ്പൽ ഛേദം സംഭവിക്കുന്നതു നോക്കിയിരുന്നു ഇര വീണു കിട്ടുന്നതിനായി കാത്തിരിക്കും: ചിലപ്പോൾ അവർ ആളുകളെ കൊല്ലും; ചിലപ്പോൾ അവരെ പിടിച്ചു അടിമകളാക്കും; എല്ലായ്പ്പോഴും മോഷ്ടിക്കുകയും ചരക്കുകൾ പൊളിഞ്ഞ കപ്പലിൽ നിന്നു കൊള്ളയടിക്കയും ചെയ്യും. ഈ ആളുകൾക്ക് എന്ത് അതിശയായിരുന്നു സംഭവം മെലിത്ത ദ്വീപിലെ ആളുകളുടെ അതിഥി സൽക്കാരം തികച്ചും അവർക്കും അസാധാരണമായിരുന്നു!

"പ്രാദേശികർ" എന്നതിനെക്കുറിച്ചു ഒരു വാക്കു പറഞ്ഞുകൊള്ളട്ടെ. കാരണം കെജെവിയിൽ "ബർബ്ബരന്മാർ" എന്നാണ് (വാക്യം 4; കൂടാതെ വാക്യം 2 ഉം നോക്കുക), നാഗരികത്വമില്ലാത്ത ഒരു കൂട്ടം ആളുകളായിരുന്നു കപ്പലിനെ സ്വാഗതം ചെയ്തതു എന്നാണ് ഒരിക്കൽ ഞാൻ മനസ്സിലാക്കിയിരുന്നത്. കെജെവിയുടെ തർജ്ജിമയാണ് ഇവിടെ ശരിയായത്, കാരണം ഗ്രീക്കു പുസ്തകത്തിൽ *ബാർബറോയി* എന്നാണ് – എന്നാൽ ഇന്നു "ബാർബേറിയൻസ്" എന്ന വാക്ക് തെറ്റായ പ്രതീതിയാണ് ജനിപ്പിക്കുന്നത്. "യവനന്മാർക്ക്, ബാർബേറിയൻ *ബാർ – ബാർ* എന്നു പറയുന്ന ആളാണ്, അതായതു, ബുദ്ധിയില്ലാത്ത വിദേശഭാഷ സംസാരിക്കുന്നവരും യവനഭാഷയെപ്പോലെ മനോഹരമല്ല."[14] ലൂക്കൊസിന്റെ കാലത്ത്, "ബാർബേറിയൻ" എന്ന വാക്ക് സംസ്ക്കാരമില്ലാത്ത എന്നർത്ഥം ഉണ്ടായിരുന്നില്ല, ഇന്നത്തേ പോലെ, അപരിഷ്കൃതമെന്നോ, സംസ്കാരമൂല്യമെന്നോ അന്നു പറഞ്ഞിരുന്നില്ല; അതിനർത്ഥം പ്രാദേശിക ഭാഷ മാത്രം സംസാരിക്കാൻ കഴിഞ്ഞിരുന്നു എന്നർത്ഥം. വാസ്തവത്തിൽ, റോമൻ പ്രവിശ്യയായ സിസിലിയുടെ ഭാഗം ആയിരുന്നതുകൊണ്ട്, മെലിത്താ ഉയർന്ന പരിഷ്കാരത്തിലെത്തിയിരുന്നു. "പൗലൊസിന്റെ സമയത്ത് ആ ദ്വീപ് സമൃദ്ധിയിലും വീടു നിർമ്മാണത്തിലും അറിയപ്പെട്ടിരുന്നു."[15] എൻ ഐവി പറഞ്ഞിരിക്കുന്നത് "ദ്വീപുവാസികൾ" എന്നാണ് അതു പൗലൊസിനേയും തന്റെ സഹയാത്രികരെയും ദയവോടെ സ്വീകരിച്ച വരെ വിളിച്ച പേരായിരുന്നു.

*സ്നേഹസമ്പന്നരും കരുതലുള്ളവരും ആയവരുടെ അടുക്കൽ ഞാൻ നില്ക്കുന്നു, വലിയ തീക്കൂട്ടത്തിൽ നിന്നു ജ്വാലകൾ അന്തരീക്ഷത്തിലേക്കുയർന്നതു, ഏതാണ്ട് മൂന്നുറിൽ താഴെ വരുന്ന ജീവനോടെ രക്ഷപ്പെട്ട ആളുകളെ ഉണക്കുവാൻ പര്യാപ്തമായിരുന്നു. കപ്പലിൽ നിന്നു വന്നവർക്കു ദീർഘനാളുകളായി ഉണക്കോ ചൂടോ തട്ടിയിട്ട്.*

*എന്റെ ശ്രദ്ധയെ ക്ഷണിക്കുന്നതിനു, എന്റെ വല്ല്യമ്മ റോപ്പർ എന്റെ പുറകിൽ തട്ടിയതായി എനിക്കു തോന്നി, "എന്റെ അവസാന നിർദ്ദേശം ഞാൻ തരട്ടെ: കുഴപ്പങ്ങൾ വരുമ്പോൾ, അതു സത്യമാണെന്നു മാത്രമല്ല അതു മോശമാകുമായിരുന്നു; നിങ്ങൾ കഠിനമായി നോക്കിയാൽ, ആ സാഹചര്യത്തിൽ നിന്നു ചില നന്മകൾ കണ്ടെത്താം." അവളുടെ കൈകൾ തീജ്വാലയോട് അടുപ്പിച്ചു, പുഞ്ചിരിയോടെ അവൾ പറഞ്ഞു, "ഉദാഹരണത്തിനു, ഈ തീ ഇപ്പോൾ വളരെ നന്നായി എന്നു നീ സമ്മതിക്കണം."*

*വീണ്ടും അവൾ എന്റെ ബലഹീനമനോഭാവത്തിൽ സ്പർശിച്ചു. ഞാൻ സാഹചര്യത്തിന്റെ പ്രകാശമുള്ള ഭാഗത്തല്ല ഇരുണ്ടവശത്താണ് നോക്കിയത് ജീവിതത്തിൽ വെല്ലുവിളി വരുമ്പോൾ, അവ അവസരങ്ങളായി കാണാതെ പ്രശ്നങ്ങളായി ഞാൻ കാണുന്നു. (ഒരിക്കൽ ഒരു സഹപ്രവർത്തകൻ എന്നോടു പറഞ്ഞു, "ഡേവിഡേ, ക്രിയാത്മകമായി ചിന്തിക്ക്!" ഞാൻ അതിനു മറുപടിയായി, "ഞാൻ അങ്ങനെയാണ് പറയുന്നത്; ക്രിയാത്മകമായി തന്നെ ഞാൻ ഈ ശ്രമം വലിയ വിപത്തായി കലാശിക്കും എന്നു പറയുന്നു!")*

### "അതിനെ ഏറ്റവും നന്നാക്കിയെടുക്കുക"
### (28:3)

*എന്റെ വല്ല്യമ്മയുടെ ഉപദേശത്തെക്കുറിച്ചു ഞാൻ ചിന്തിക്കുമ്പോൾ, ആളുകൾ വനത്തിലേക്ക് ഓടി വിറകുമായി മടങ്ങിവരും, അതു അവർ തീക്കിരയാക്കും. പുറത്ത് തീയിട്ട് കത്തിക്കുന്നതിനു തുടർച്ചയായി വിറക് ഇട്ടുകൊണ്ടിരിക്കണം, അല്ലെങ്കിൽ അതു പെട്ടെന്ന് അണഞ്ഞു പോകും.*[16] *റോപ്പർ വല്ല്യമ്മ എന്റെ ഒരു വശത്ത് അമർത്തി (എന്റെ വാരിയെല്ലുകൾ വേദനിക്കുന്നു) ആ തീക്കൂട്ടം കത്തി ഉയരുന്നതു ചൂണ്ടിക്കാണിച്ചു എന്നോട് പറയും: അപ്പൊസ്തലനായ പൗലൊസ്!*

"പൗലൊസ് ... കുറെ വിറകു പെറുക്കി തീയിൽ ഇട്ടപ്പോൾ ഒരു അണലി ചൂടു നിമിത്തം പുറപ്പെട്ടു അവന്റെ കൈക്കു ചുറ്റി" (വാക്യം 3). വില്ല്യം ബാർക്ക്ലേ പറഞ്ഞു, "ഒന്നും ചെയ്യാതെ ഇരിക്കുന്നവൻ ആയിരുന്നില്ല പൗലൊസ്; വിറകു കൂടിക്കിടന്നതിൽ കുറെ എടുത്ത് പൗലൊസ് തീയിൽ ഇട്ടു."[17] ജെ.ഡബ്ലിയു. മെക്ഗാർവേ നിരീക്ഷിച്ച, "പൗലൊസ് ആധുനിക പുരോഹിത ഗണത്തിൽ പെട്ട ഒരു ഉപദേഷ്ടാവ് ആയിരുന്നില്ല, അവർ ഒന്നും മണ്ണിൽ കൈകൊണ്ട് താഴ്ന്ന ജോലികൾ ചെയ്യാൻ തയ്യാറുള്ളവരല്ല, അവരെ എല്ലാവരും ശുശ്രൂഷിക്കണമെന്ന് ആഗ്രഹിക്കുന്നവരാണ്, എന്നാൽ പൗലൊസ് തന്റെ പദവിസൂക്ഷിക്കുകയും അതു നോക്കുകയും ചെയ്തിരുന്നു."[18] പൗലൊസ് തന്റെ ആയുഷ്ക്കാലം ഒക്കെയും കൈകൊണ്ട് അദ്ധ്വാനിച്ചിരുന്നു (20:34); വിറകു പെറുക്കുന്ന

ജോലി അവനു നന്നായി ചെയ്യാൻ അറിയാമായിരുന്നില്ല. "'ക്രിസ്തുവിന്റെ ഭാവമുള്ള' ഒരു ദൈവ ദാസനു ഒരു ജോലിയും താഴ്ന്നതല്ല (ഫിലിപ്പിയർ 2:1–13)."[19]

*വെല്ല്യമ്മ എന്റെ ചെവിയിൽ മന്ത്രിച്ചു, "നീ എന്താണ് ഇതിൽ നിന്നു പഠിക്കുന്നത്?" കുറച്ചു നേരം ആലോചിച്ചിട്ടു പറഞ്ഞു, "ചെറിയ ജോലികൾ ചെയ്യുവാൻ 'കൂടുതൽ പരിചയം' വേണമെന്നില്ല?" വെല്ല്യമ്മ ചിരിച്ചു "അതു ശരിയാണ്. എന്നാൽ അതു നീ ആകുവാൻ ആഗ്രഹിക്കാത്ത സ്ഥലത്തു പ്രായോഗികമാക്കാം. സാഹചര്യം നന്നാവട്ടെ എന്നു കരുതി പൗലൊസ് എല്ലാവരോടൊപ്പം ഒന്നും ചെയ്യാതെ ഇരുന്നോ, അല്ലെങ്കിൽ സാഹചര്യം നന്നാക്കുവാൻ അവനെക്കൊണ്ട് കഴിയുന്നതു ചെയ്തോ?"*

*ഉത്തരം വ്യക്തമായതുകൊണ്ട്, ഞാൻ മറുപടി പറഞ്ഞില്ല - അതു പ്രയോഗിക്കേണ്ടതു എന്റെ തന്നെ ജീവിതത്താലാണ്. ചില അവസരങ്ങളിൽ ആ സാഹചര്യത്തെ നന്നാക്കുവാൻ എനിക്കു ചെയ്യാൻ കഴിയുന്നതു ചെയ്യാതെ ഞാൻ വെറുതെ പരാതിപ്പെട്ടുകൊണ്ടിരുന്നിട്ടുണ്ട്. ഞാൻ അതു മനസ്സിലാക്കിയോ എന്നു വെല്ല്യമ്മ ഉറപ്പു വരുത്തുകയായിരുന്നു, എങ്ങനെയായാലും, അവൾ മന്ത്രിച്ചു: "ആരോ പറഞ്ഞു, 'ഇരുട്ടിനെ ശപിച്ചുകൊണ്ടിരിക്കുന്നതിനേക്കാൾ നല്ലതു ഒരു മെഴുകുതിരികത്തിക്കുന്നതാണ്.'" ഞാൻ തലയാട്ടി.*

### "കഷണങ്ങളായി നുറുങ്ങരുത്"[20]
### (28:3-6)

*ആവേശകരമായ ഒരു സംഭവം നടന്നതു നമ്മുടെ പരസ്പരമാറ്റത്തെ തടസ്സപ്പെടുത്തി. അപ്പൊസ്തലന്റെ കൈകളിൽ അണലി ചുറ്റിയപ്പോൾ എല്ലാവരും ഭയ ചകിതരായി അവനെത്തന്നെ നോക്കിക്കൊണ്ടിരുന്നു[21] (വാക്യം 3).*

തണുപ്പുകാരണം, പാമ്പു ചുരുണ്ടുകൂടി കിടന്നിരുന്ന വിറകായിരുന്നു പൗലൊസ് എടുത്തുകൊണ്ടു വന്നത്.[22] തീയുടെ ചൂട് അണലിയെ ഉണർത്തി, അതു പൗലൊസിന്റെ കൈകളിൽ ചുറ്റി. ഇപ്പോൾ അതു അപലക്ഷണമായി അവന്റെ കയ്യിൽ തൂങ്ങി, അതിന്റെ വിഷപ്പല്ല് അവന്റെ മാംസത്തിലേക്ക് ആഴ്ന്നിറങ്ങി.[23]

*വെല്ല്യമ്മ എന്റെ ചെവിയിൽ മന്ത്രിച്ചു: "നിങ്ങൾ ആകുവാൻ ആഗ്രഹിക്കാത്ത സ്ഥാനത്തു നിന്നെ കാണുമ്പോൾ, ചിലപ്പോൾ കാര്യങ്ങൾ നന്നാകുന്നതിനുമുൻപു വഷളായേക്കാം." അവൾ പറഞ്ഞതിന്റെ അർത്ഥം എനിക്കു മനസ്സിലായി. ഒരു പക്ഷെ നിങ്ങൾക്കും മനസിലായിക്കാണും.*

*തീയ്ക്കു ചുറ്റും പിറുപിറുത്തുകൊണ്ടിരുന്നു, പൗലൊസിന്റെ സാഹചര്യം വഷളാക്കാൻ പോകുന്നതായി നാം കാണുന്നു. ദ്വീപുവാസികൾ പരിഷ്കൃതരാണെങ്കിലും, അന്യദേവനെ നമസ്കരിക്കുന്നവരുടെ ഉള്ളിൽ അന്ധവിശ്വാസവുമുണ്ട്. പൗലൊസിന്റെ കയ്യിൽ പാമ്പു തൂങ്ങിക്കിടക്കുന്നതു പ്രാദേശികർ കണ്ടപ്പോൾ, അവർ പരസ്പരം പറയാൻ തുടങ്ങി, "ഈ മനുഷ്യൻ ഒരു കുലപാതകൻ എന്നു സംശയമില്ല, കടലിൽ നിന്നു രക്ഷപ്പെട്ടിട്ടും, നീതിദേവി[24] അവനെ ജീവിച്ചിരിപ്പാൻ സമ്മതിക്കുന്നില്ല*

*എന്നു തമ്മിൽ പറഞ്ഞു" (വാക്യം 4).*

എങ്ങനെയോ, പൗലൊസ് ഒരു തടവുകാരനാണെന്നു അവർ അറിഞ്ഞു.[25] അവനെ പാമ്പു കടിച്ചതു കണ്ടപ്പോൾ, അവർ കണക്കാക്കി അവൻ എന്തോ മാരകമായ കുറ്റം ചെയ്തിട്ടാണ് വന്നിരിക്കുന്നത് എന്ന്. അതുകൊണ്ട് അവൻ ശിക്ഷിക്കപ്പെടാതെ രക്ഷപ്പെടുകയില്ല എന്നതിന്റെ തെളിവാണ് വിഷപ്പാമ്പ് അവനെ കടിച്ചത്.[26]

*ഞാൻ പൗലൊസിനെ ഭയത്തോടെ, തുറിച്ചു നോക്കി. എനിക്കു പാമ്പുകളെ ഇഷ്ടമല്ല, വിഷമുള്ളതായാലും അല്ലാത്തതായാലും! ഒരെണ്ണം എന്നെ കടിച്ചാൽ, ഞാൻ ഒരു പക്ഷെ അബോധാവസ്ഥയിലാവുകയും രക്തധമനികളിലൂടെ വിഷം, എന്റെ ശരീരത്തിലെ എല്ലാ ഭാഗത്തേക്കും ശക്തമായി പ്രവഹിക്കും. അത്ഭുതമെന്നു പറയട്ടെ, അതിനെ ശാന്തമായി കുടഞ്ഞു തീയിൽ ഇട്ടു കളഞ്ഞു (വാക്യം 5).*

എഴുപതുപേരെ യേശു അയച്ചപ്പോൾ, അവൻ അവരോടു, "ഇതാ, പാമ്പുകളെയും തേളുകളെയും ശത്രുവിന്റെ സകല ബലത്തെയും ചവിട്ടുവാൻ ഞാൻ നിങ്ങൾക്കു അധികാരം തരുന്നു, ... ഒന്നും നിങ്ങൾക്കു ഒരിക്കലും ദോഷം വരുത്തുകയും ഇല്ല" (ലൂക്കൊസ് 10:19). അവൻ മഹത്തായ ആജ്ഞ നല്കുമ്പോൾ, അവൻ അപ്പൊസ്തലന്മാരോടു വാഗ്ദാനം ചെയ്തതു: "വിശ്വസിക്കുന്നവരാൽ ഈ അടയാളങ്ങൾ നടക്കും: എന്റെ നാമത്തിൽ ... അവർ സർപ്പങ്ങളെ പിടിച്ചെടുക്കും" (മർക്കൊസ് 16:17, 18).[27] "ശരിയായ അപ്പൊസ്തലന്റെ അടയാളങ്ങളിൽ" ഒന്നാണ് പൗലൊസ് ചെയ്തത് (2 കൊരിന്ത്യർ 12:12).

*അങ്ങനെ പൗലൊസിനു "ഒന്നും പറ്റിയില്ല" (വാക്യം 5), എന്നാൽ അവൻ "വീർക്കുകയോ[28] അല്ലെങ്കിൽ പെട്ടെന്നു ചത്തു വീഴുകയോ" ചെയ്യുമെന്നു ദ്വീപുവാസികൾ വിചാരിച്ചു (വാക്യം 6).[29] അവർ ദീർഘനേരം കാത്തുനിന്നിട്ടും പൗലൊസിനു അസാധാരണമായി ഒന്നും സംഭവിക്കായ്കയാൽ, അവരുടെ മനസ്സുമാറി "അവൻ ഒരു ദേവൻ എന്നു പറഞ്ഞു" (വാക്യം 6).*

ആളുകൾ ഒരറ്റത്തു നിന്നു മറ്റെ അറ്റത്തേക്കു നീന്തുവാനുള്ള വ്യഗ്രതയിലാണ്! മെക്ഗാർവേ ഇതിനെ "ലുസ്ത്രയിലേതിൽ നിന്നു തല തിരിഞ്ഞു" എന്നാണ് പറഞ്ഞത്.[30] ഈ സമയത്ത്, എങ്ങനെയായാലും, പൗലൊസ് നിലവിളിച്ചില്ല, "ഞങ്ങൾ നിങ്ങളോടു സമസ്വഭാവമുള്ള മനുഷ്യൻ അത്രേ!" (14:15 നോക്കുക) - കാരണം ഒരു പക്ഷെ ലുസ്ത്രയിൽ ചെയ്തതുപോലെ, ആരും അവനെ ആരാധിക്കുവാൻ ഒരുങ്ങാതിരുന്നതുകൊണ്ടാകാം. അവനെ കുലപാതകി എന്നു വിളിച്ചപ്പോഴും ദേവൻ എന്നു വിളിച്ചപ്പോഴും പൗലൊസ് ശണ്ഠയിടാൻ പോയില്ല.

പൗലൊസ് റോമയിൽ എത്താതിരിക്കേണ്ടതിനു പിശാച് അവനെ തടുത്തതിന്റെ അവസാന ശ്രമമായിരിക്കാം ഒരു പക്ഷെ അണലി ചാടിയത്; "പഴയ സർപ്പം" (വെളിപ്പാട് 12:9) തന്റെ ലക്ഷ്യം നേടുന്നതിനായി ഒരു പാമ്പിനെ ഉപയോഗിച്ചു (ഉല്പത്തി 3). ദൈവം, എങ്ങനെയായാലും, ആ സംഭവത്തെ തന്റെ ഉദ്ദേശത്തിനായി മാറ്റി. കപ്പലിലുണ്ടായിരുന്ന എല്ലാവർക്കും "സ്വർഗ്ഗത്താൽ ദൈവസന്ദേശം - കൊടുത്തു നയിക്കപ്പെട്ടവൻ മാത്രമായിരുന്നില്ല പൗലൊസ് കരുതുന്നു അവൻ സ്വർഗ്ഗം - കാത്തിരുന്ന

മനുഷ്യൻ ആണെന്നും ദൈവം അവർക്കു കാണിച്ചു കൊടുത്തു."[31]

*വെല്ല്യമ്മ സംസാരിക്കുന്നതു കേൾക്കുവാൻ ഞാൻ സന്നദ്ധനായി: "ദൈവം നമ്മെയും രക്ഷിക്കും എന്നാണ് ഇതു കാണിക്കുന്നത്" അവൻ ചിരിക്കുന്നു. "വാസ്തവം - പൗലൊസിനെ സംരക്ഷിച്ച അതേ രീതിയിലല്ലെങ്കിലും - പക്ഷെ പൗലൊസ് എങ്ങനെ ആ സാഹചര്യത്തെ കൈകാര്യ ചെയ്തു എന്നു നോക്കുക. അതു പാമ്പു - കടി ആയാലും, ചീത്ത വാക്കുകൾ ആയാലും, അല്ലെങ്കിൽ തെറ്റായി വിവരം നല്കിയപ്പോഴും, അവൻ നുറുങ്ങികഷണങ്ങളായില്ല. അതു നിങ്ങൾ കാണുവാൻ ആഗ്രഹിക്കാത്ത സ്ഥാനത്തു കാണപ്പെടുമ്പോൾ വില മതിക്കാനാകാത്ത സമ്പാദ്യമാണ്." ഞാൻ അവളെ പെട്ടെന്ന് ഒന്നു നോക്കി. ഇന്നലെ കാര്യങ്ങൾ ഞാൻ വിചാരിച്ചതുപോലെ നീങ്ങാതിരുന്നപ്പോൾ ഞാൻ അത്യധികം ഉൽക്കണ്ഠാകുലനായതു അവൾ കണ്ടതല്ലേ? ആഗ്രഹിക്കാത്ത സാഹചര്യങ്ങളെ കൈകാര്യം ചെയ്യുവാൻ എനിക്ക് കൂടുതൽ പഠിക്കേണ്ടതായിട്ടുണ്ട്!*

## "സഹായം ചോദിക്കുന്നതിനു അധികം അഭിമാനിയാകരുത്" (28:7)

ദൈവകരുണയാൽ, പൗലൊസും ശേഷം ഉള്ളവരും കടല്ക്കരയിൽ എത്തിച്ചേർന്നതു മെലീത്തയിലെ ഒരു പ്രധാനിയുടെ തോട്ടത്തിനടുത്തായിരുന്നു. ലൂക്കൊസ് പറഞ്ഞു, "ആ സ്ഥലത്തിന്റെ സമീപത്തു പുബ്ലിയോസ് എന്ന ദ്വീപുപ്രമാണിക്കു,[32] ഒരു ജന്മഭൂമിയുണ്ടായിരുന്നു. അവൻ ഞങ്ങളെ ചേർത്തു മൂന്നു ദിവസം ആദരവോടെ അതിഥിസൽക്കാരം ചെയ്തു" (വാക്യം 7). "ദ്വീപുപ്രമാണി" എന്ന വാക്കുകൾ സൂചിപ്പിക്കുന്നതു മുതലെടുക്കാവുന്നതായിട്ടാണ്, കാരണം "ഇതു ദേശത്തിന്റെ ഭരണപദവി [ആയി] ഗ്രീക്കു - റോമൻ എഴുത്തിൽ പരിശോധിക്കാവുന്നതും ആകുന്നു."[33] മെലിത്തയിലെ റോം - നിയമിച്ച ദേശാധിപതി ആകുന്നു പുബ്ലിയോസ്.

*പ്രാദേശികരിൽ ചിലർ തീ തുടർന്നും കത്തിച്ചുകൊണ്ടിരുന്നപ്പോൾ, മറ്റുള്ളവർ ദ്വീപിലേക്കു ഓടി അപകടത്തിൽ രക്ഷപ്പെട്ടവർക്കു താമസിക്കുവാനുള്ള ഏർപ്പാട് ചെയ്യുവാൻ പോയി. ദേശാധിപതി ആയിരുന്ന പുബ്ലിയോസ് പൗലൊസിനേയും, ലൂക്കൊസിനേയും, ശേഷമുള്ളവരെയും[34] മറ്റു ഏർപ്പാടുകൾ ചെയ്യുന്നതുവരെ തന്റെ വീട്ടിൽ താമസിക്കുന്നതിനു ക്ഷണിച്ചു. ദേശാധിപതി അവരെ സ്വീകരിച്ചു മര്യാദയോടെ സൽക്കരിച്ചു (വാക്യം 7).[35] രംഗം അങ്ങനെ കാറ്റു - തൂത്തു കടല്ക്കരയിലെത്തിയവർ ഇപ്പോൾ ദേശാധിപതിയുടെ ആസ്ഥാനമന്ദിരത്തിലേക്കു ആനയിക്കപ്പെട്ടു.*

*"ഇതു ഏതാണ്ട് ഇതിൽ കൂടുതലാണ്!" വെല്യമ്മ അവളുടെ ഷാൾ കൊണ്ട് വെള്ളം അനക്കി പറഞ്ഞു. എന്നെ നോക്കി അവൾ സൂചിപ്പിച്ചു: "ആഴ്ചകൾക്കു ശേഷം, പുബ്ലിയോസിന്റെ വീട്ടിൽ ചൂടുള്ള ഭക്ഷണം കഴിക്കുന്ന പൗലൊസിനെ നോക്കുക. പിന്നെ ഇതു ശ്രദ്ധിക്കുക: പൗലൊസ് ശക്തമായ - മനസ്സുള്ളവനും സ്വതന്ത്രനും ആണെങ്കിലും, അവൻ ഇപ്പോഴും സഹായം സ്വീകരിക്കാൻ മനസുള്ളവനായിരുന്നു.*

*ദ്വീപു നിവാസികളുടെ തീയുടെ ചൂടേറ്റു, ഇപ്പോൾ അവൻ ദേശാധിപതി യുടെ അതിഥി സൽക്കാരവും സ്വീകരിച്ചു. നിങ്ങൾ ആഗ്രഹിക്കാത്ത സ്ഥാനത്തു നിങ്ങൾ കാണപ്പെടുമ്പോൾ, വെല്ലുവിളി സ്വീകരിക്കുന്നതിനു നിങ്ങൾക്കു സഹായം ആവശ്യമാകും. അപ്പോൾ സഹായം സ്വീകരി ക്കുന്നതിനു അഭിമാനം നോക്കരുത്."*

*വെല്യമ്മയുടെ ഉപദേശത്തിൽ എനിക്ക് അല്പം ചിരിയാണ് തോന്നി യത് കാരണം എനിക്കറിയാവുന്ന ആരെയും പോലെ അവർ സ്വതന്ത്ര ചിന്താഗതിക്കാരിയായിരുന്നു - എന്നാൽ അവൾ അർത്ഥമാക്കിയത് എന്തെന്ന് എനിക്കറിയാമായിരുന്നു. ഏത് പ്രശ്നവും എനിക്ക് സ്വയമായി കൈകാര്യം ചെയ്യുവാൻ കഴിയുകയില്ല എന്ന് ഞാൻ സമ്മതിച്ചിരുന്നില്ല. സ്വയ - ആശ്രയം അത്ര മോശമല്ല; ധാരാളം ആളുകൾ ഈ ലോകത്തു ണ്ട്. മറ്റുള്ളവരുടെ പ്രയത്നഫലത്തിൽ ജീവിക്കുവാൻ സന്തോഷമുള്ള വരാണ്. എങ്ങനെയായാലും, എനിക്ക് സ്വയമായി പരിഗണിക്കാൻ കഴി യാത്ത കാര്യങ്ങളിൽ മറ്റുള്ളവരുടെ സഹായം നിരസിക്കുന്നത് മൗഢ്യ മാണ്.*[36]

### "മറ്റുള്ളവരെ സഹായിക്കേണ്ടിവരുമ്പോൾ സ്വയം കേന്ദ്രീകൃതമാകരുത്" (28:8)

*വിരുന്നുമേശയിലെ സംഭാഷണം ശ്രവിക്കേണ്ടതിനു നമുക്കു അടു ത്തേക്കു പോകാം. ആതിഥേയരെ സ്വാധീനിക്കുന്നതിനായി തങ്ങൾക്കു ണ്ടായ കൊടുങ്കാറ്റിന്റെയും കപ്പൽച്ചേദത്തെയും നാടകീയമായി വിവ രിക്കുമെന്നു നാം പ്രതീക്ഷിച്ചിരിക്കാം. പകരം, ആതിഥേയന്റെ ഹൃദയ ഭാരത്തെ പുറത്തെടുക്കുന്നതു, ശ്രദ്ധയോടെ കേട്ടിരിക്കയായിരുന്നു.*

*പുബ്ലിയോസിന്റെ അപ്പൻ കഠിന ജ്വരവും*[37] *അതിസാരവും പിടിച്ചു കിടക്കുന്നതായി പൗലൊസ് കേട്ടു*[38] *(വാക്യം 8). പൗലൊസ് മേശ വിട്ട്, പെട്ടെന്ന് അവനെ കാണുവാൻ പോയി (വാക്യം 8) അവൻ ഭാരപ്പെട്ടു കൊണ്ടിരുന്ന ആ മനുഷ്യനെ നോക്കി, പ്രാർത്ഥിച്ചു, ദൈവത്തോട് സഹാ യത്തിനായി അപേക്ഷിച്ചു. ആ മനുഷ്യൻ സുഖം പ്രാപിക്കുവാൻ ദൈവം ആഗ്രഹിക്കുന്നു എന്നു ബോധ്യപ്പെടുത്തി, അവൻ അവന്റെ മേൽ കൈവെച്ചു*[39] *അവനെ സൗഖ്യമാക്കി (വാക്യം 8). അവൻ പുബ്ലിയോസി നെയും ശേഷം ഭവനത്തിലുള്ളവരേയും വിളിച്ചു (9:41). ആ ഭവനം എത്ര സന്തോഷിച്ചു കാണും!*

*വെല്ല്യമ്മ കണ്ണുനീർ തുടച്ചു. ഒരു പ്രായമുള്ള മനുഷ്യനെക്കുറിച്ചു പൗലൊസിനുണ്ടായ കരുതൽ അവളെ ശരിക്കും സ്പർശിച്ചു. അവൻ എന്നോടു ചോദിക്കുന്നു, "നീ കണ്ടോ പൗലൊസ് ദയക്കു പകരം ദയ കാണിച്ചത്?" ഞാൻ തലകുലുക്കി സമ്മതിച്ചു. അവൾ തുടരുന്നു: "പൗലൊ സ് ആഗ്രഹിക്കാത്ത സ്ഥാനത്ത് അവൻ കാണപ്പെട്ടപ്പോൾ, അവൻ സ്വന്തം - പരിതാപത്തിൽ ഒതുങ്ങിയില്ല. അവൻ തന്നെ വേറിട്ടു നിർത്തിയില്ല. പകരം, അവൻ മറ്റൊരു വ്യക്തിയുടെ അടുക്കൽ എത്തി. മറ്റൊരാളെ ക്കുറിച്ചു കരുതുന്നതു അത് സാധുവായ - എന്നെ - അതു നമ്മെ സുഖ മാക്കും." വീണ്ടും ഞാൻ തലകുലുക്കി. അവൾ പറയുന്നതു ശരിയാ ണെന്ന് എനിക്കറിയാം. സ്വയ - ആശ്രയം സ്വയ - കേന്ദ്രീകൃതമാക്കും*

*എന്നും അറിയാം - കാരണം എന്റെ അനുഭവത്തിൽ അതുണ്ടായിട്ടുണ്ട്, മറ്റുള്ളവരുടെ ജീവിതങ്ങളിലും കണ്ടിട്ടുണ്ട്. തടികൾ ചൂടായി, ഞാൻ പ്രാർത്ഥിച്ചു, "ദൈവമേ, മറ്റുള്ളവരുടെ ആവശ്യങ്ങളിൽ മനസുലോലമാകുവാൻ എന്നെ സഹായിക്കേണമേ."*

### "ദൈവത്തിനു ഒരു കാരണമുണ്ട്"
### (28:9)

*ആ അത്ഭുതരോഗസൗഖ്യവാർത്ത ദ്വീപിൽ പരക്കുവാൻ അധിക സമയം വേണ്ടിവന്നില്ല. ഉടനെ, ദ്വീപിലെ മറ്റു രോഗികളും വന്നു സൗഖ്യം പ്രാപിച്ചു (വാക്യം 9).*[40]

9–ാം വാക്യത്തിലെ "അവന്നു" എന്നതു ഗ്രീക്കിൽ ഇല്ല. മൂലഗ്രന്ഥത്തിൽ ലളിതമായി പറയുന്നതു, "ശേഷമുള്ളവർ ... വന്നു [അവിടേക്ക്] സൗഖ്യമായി എന്നാണ്" (കെജെവി നോക്കുക). 8–ാം വാക്യത്തിലെ "സൗഖ്യമാക്കി" എന്നതിനു തർജ്ജിമ ചെയ്ത വാക്കല്ല 9–ാം വാക്യത്തിൽ ഉള്ള "സൗഖ്യമായി" എന്നതു; 9–ാം വാക്യത്തിലെ "സൗഖ്യമാക്കി" എന്നതിന്റെ അർത്ഥം "വൈദ്യശാസ്ത്രപരമായി സൗഖ്യമാക്കുക"[41] എന്നതാണ്. ഇതെല്ലാം, തെളിയിക്കുന്നതു ദ്വീപു നിവാസികൾ അവരെ സ്വീകരിച്ചതിൽ ലൂക്കൊസും ഉൾപ്പെട്ടിരുന്നു എന്നാണ് (വാക്യം 10), ലൂക്കൊസ് പൗലൊസിനെ ശുശ്രൂഷിച്ചിരുന്നു എന്നും നമുക്കു ഊഹിക്കാം: ലൂക്കൊസ് തന്റെ മരുന്നുകളുമായുണ്ട്, പൗലൊസ് തന്റെ അത്ഭുതങ്ങളുമായുണ്ട്. ബാർക്ക്ലേ പറയുന്നതു ഈ വേദഭാഗം "നമുക്കു ഒരു *മെഡിക്കൽ മിഷണറിയുടെ* പ്രാരംഭ പ്രവർത്തനചിത്രമാണ് നല്കുന്നത്."[42]

എങ്ങനെയായാലും, നമുക്കു പൗലൊസിന്റെ മെലിത്തയിലെ മൂന്നു മാസത്തെ പ്രവർത്തനങ്ങളിലേക്കു, ശ്രദ്ധ തിരിക്കാം. പൗലൊസ് ഈ സമയത്ത് പ്രസംഗിച്ചതായി ലൂക്കൊസ് പറഞ്ഞിട്ടില്ല, പക്ഷെ അവൻ പ്രസംഗിച്ചിട്ടില്ല എന്നു വിശ്വസിക്കാൻ പ്രയാസമാണ്. കപ്പലിൽ യാത്ര ചെയ്തവരുടെ ഹൃദയങ്ങളെ അവരുടെ ജീവിതം രക്ഷിച്ചു പൗലൊസ് ദൈവത്തിന്റെ വക്താവാണെന്ന് തെളിയിച്ചുകൊടുത്തു; പൗലൊസിനെ പാമ്പു കടിച്ചിട്ടും ഒന്നും സംഭവിക്കാത്തതും പൗലൊസ് രോഗികളെ അത്ഭുതകരമായി സൗഖ്യമാക്കിയതും കണ്ട ദ്വീപുനിവാസികളുടെ ഹൃദയങ്ങളേയും ദൈവം ഒരുക്കി. ദൈവം ഒരവസരവും പാഴാക്കുകയില്ല![43] പൗലൊസ് സൗഖ്യമാക്കിയപ്പോൾ, അവൻ യേശുവിന്റെ നാമത്തിലാണ് ചെയ്തതു (19:13); ഭൗതികമായി സൗഖ്യമാക്കിയവരോട് അതേ യേശുവിനു അവരെ ആത്മിയമായി സൗഖ്യമാക്കുവാനും കഴിയും എന്നു പറയുന്നതു എത്ര സ്വാഭാവികമാണ്![44] ദൈവാശ്വാസിയമല്ലാത്ത പാരമ്പര്യം പറയുന്നതു പൗലൊസ് മെലിത്ത ദ്വീപിൽ സുവിശേഷം പ്രസംഗിക്കയും, അവൻ അവിടം വിട്ടുപോയപ്പോൾ, സഭ പുബ്ലിയോസിന്റെ വീട്ടിൽ കൂടി വന്നിരുന്നു എന്നും പറയുന്നു. പാരമ്പര്യത്തിന്റെ ചുരുങ്ങിയത് ആദ്യഭാഗം ഞാൻ വിശ്വസിക്കുന്നു.[45] ഒരുപക്ഷെ പൗലൊസ് കപ്പലിലുണ്ടായിരുന്ന ചിലരെയെങ്കിലും സുവിശേഷം അറിയിച്ചിരിക്കും. പ്രത്യേകിച്ചു ഞാൻ വിചാരിക്കുന്നത് തടവുകാരിൽ ചിലരെയെങ്കിലും ക്രിസ്തുവിലുള്ള പ്രത്യാശയോടെ റോമയിൽ പോയി[46] മരണശിക്ഷ ഏറ്റുവാങ്ങിയിരിക്കുമെന്നാണ്.

*ഞാൻ അവസാനിപ്പിക്കുന്നു, "പൗലൊസ് ആഗ്രഹിക്കാത്ത സ്ഥാനത്തു എത്തിയതായി കണ്ടെത്തിയെങ്കിലും, അർത്ഥവത്തായ കർത്താവിന്റെ വേല പൗലൊസ് കണ്ടെത്തി." വെല്യമ്മ വീണ്ടും വാക്കുകൾ കൊണ്ട് എന്നെ തോണ്ടി: "പിന്നെ?" ഞാൻ തുടർന്നു, "പിന്നെ, നമു ക്കും." ഈ പ്രസ്താവന എനിക്ക് ഇഷ്ടമാണ്: "നിങ്ങൾ ആഗ്രഹിക്കുന്ന സ്ഥാനത്ത് എപ്പോഴും നിങ്ങൾക്ക് എത്തുവാൻ കഴിയുകയില്ല, പക്ഷേ നിങ്ങൾ ദൈവേഷ്ടത്തിൽ ആണെങ്കിൽ, നിങ്ങൾ എവിടെ ആകേണമോ എപ്പോഴും അവിടെ എത്തും."[47] മറ്റൊരു വാക്ക് തോന്നി: "അതുകൊണ്ട്?" ഞാൻ കൂട്ടിച്ചേർത്തു, "അതുകൊണ്ട്, നാം ആഗ്രഹിക്കാത്ത സ്ഥാനത്തു നമ്മെ കണ്ടെത്തുമ്പോൾ, അതിനു എപ്പോഴും ദൈവത്തിനു ഒരു കാരണമുണ്ട് എന്നു നാം ഓർമ്മിക്കേണം, ദൈവം എന്തുകൊണ്ടാണ് നമ്മെ അവിടെ എത്തിച്ചതു എന്നു നാം തിരിച്ചറിയുകയും വേണം. നാം കേൾക്കുവാൻ ആഗ്രഹിച്ച സ്ഥാനത്തേതിനേക്കാൾ അർത്ഥവത്തായ പ്രവർത്തനം ദൈവത്തിനു നാം പോകാൻ ആഗ്രഹിക്കാത്ത സ്ഥാനത്തുണ്ട് എന്ന് ദൈവമനസിലുണ്ടാകാൻ സാധ്യതയുണ്ട്." രണ്ടു നീണ്ട വാചകങ്ങൾ എന്നെ ശ്വാസം വിടാൻ പോലും പറ്റാതാക്കിയതോടൊപ്പം വെല്ല്യമ്മയെ ചിരിപ്പിക്കയും ചെയ്യുന്നു. "വളരെ നല്ലതു," അവർ പറയുന്നു.*

### "ദൈവം നിങ്ങളെ കാക്കും"
### (28:10, 11)

മെലിത്തയിലെ മൂന്നു മാസം പെട്ടെന്ന് കടന്നുപോയി. ലൂക്കൊസ് രേഖപ്പെടുത്തി, "അവരും ഏറിയ സമ്മാനം തന്നു ഞങ്ങളെ മാനിച്ചു" (വാക്യം 10). ഗ്രീക്കു വാക്കുകൾ സൂചിപ്പിക്കുന്നത് "ഹോണറേറിയംസ്"[48] എന്നാണ്, പക്ഷേ പൗലൊസ് തന്റെ പ്രവർത്തനങ്ങൾക്ക് പണം സ്വീകരിച്ചു എന്നു വിശ്വാസിക്കാൻ പ്രയാസമാണ്. ഒരുപക്ഷേ, ലൂക്കൊസ് ദ്വീപുവാസികൾക്കു പൗലൊസിനോടും ശേഷം ക്രിസ്തുവിന്റെ അനുയായികളോടും ഉള്ള ആദരവു വർദ്ധിച്ചു വന്നതു പ്രകടമാക്കിയതാകാം (2:42 നോക്കുക).

ഈ മാസങ്ങൾക്കുള്ളിൽ, ശതാധിപൻ മറ്റൊരു അലെക്സാന്ത്രിയ ധാന്യക്കപ്പൽ കണ്ടെത്തി (28:11), അതു ഒരു പക്ഷെ ശൈത്യകാലം കഴിപ്പാനായി മെലിത്തയുടെ തലസ്ഥാനതുറമുഖമായ, വലേറ്റ തുറമുഖത്ത് കിടന്നതാകാം. ആ കപ്പൽ അവരെ ഇതല്യെയിൽ എത്തിക്കും.

അവസാനം, പൗലൊസിനും ശേഷമുള്ളവർക്കും വേർപിരിയുവാനുള്ള സമയമായി. പൗലൊസ് മെലിത്തയിൽ എത്തിയപ്പോൾ, താൻ എവിടെ ആകണമെന്നാഗ്രഹിച്ചുവോ അവിടെ ആയിരുന്നില്ല; മൂന്നുമാസങ്ങൾക്കു ശേഷം, വിട്ടുപോകുന്നതു അവനു പ്രയാസമുണ്ടാക്കിയിരിക്കാം. കൊടുങ്കാറ്റിൽ എല്ലാം നഷ്ടമായി; പൗലൊസും സഹയാത്രികരും കടൽക്കരയിൽ എത്തിയപ്പോൾ അവരുടെ പുറകിലെ നനഞ്ഞ വസ്ത്രമല്ലാതെ അവരുടെ കയ്യിൽ ഒന്നുമില്ലായിരുന്നു. ഇപ്പോൾ, അവരുടെ റോമയിലേക്കുള്ള യാത്രക്ക് ആവശ്യമുള്ളതെല്ലാം അവരുടെ പുതിയ സ്നേഹിതന്മാർ നല്കി. അവർ വേർപിരിയുന്ന യാത്രയയപ്പിനെ ലൂക്കൊസ് ഒറ്റവാക്കിൽ സ്പഷ്ടമാക്കി: "ഞങ്ങൾ കപ്പൽ കയറുന്ന

സമയം ആവശ്യമുള്ളതു കയറ്റിത്തന്നു" (വാക്യം 10).

*നമ്മുടെ ഈ ഭാഗം നമ്മുടെ വെല്ല്യമ്മയോടു അവസാനിപ്പിക്കുവാനായി ഞാൻ കാത്തിരിക്കുന്നു. എന്നെ അത്ഭുതപ്പെടുത്തി അവൾ പറഞ്ഞു, "നീ ചുരുക്കിക്കോളൂ." പൗലൊസിനും ലൂക്കൊസിനും ചുറ്റും നില്ക്കുന്ന സമൂഹത്തെയും ചൂണ്ടി (21:5 നോക്കുക) അവൾ പറയുന്നു, "അതിൽ നിന്നും നീ എന്താണ് പഠിക്കുന്നത്?" എന്റെ ചിന്തകളെ ശേഖരിച്ചു കൈകളാൽ ഞാൻ എണ്ണാൻ തുടങ്ങി: "(1) നിങ്ങൾ ഒരു നല്ല മനോഭാവം വളർത്തിയെടുത്താൽ, നിങ്ങൾ ആകുവാൻ ആഗ്രഹിക്കാത്ത സ്ഥാനത്തും കാര്യങ്ങൾ അത്ര മോശമാക്കുകയില്ല. (2) നിങ്ങൾ തിരക്കുള്ളവനായിരുന്നാൽ, സമയം പെട്ടെന്ന് പോകും. (3) നിങ്ങൾ നിങ്ങളെക്കുറിച്ച് ചിന്തിക്കുന്നതിനുപകരം മറ്റുള്ളവരെക്കുറിച്ചു ചിന്തിക്കുകയാണെങ്കിൽ, അല്ലെങ്കിൽ കിട്ടാത്ത രീതിയിൽ നിങ്ങൾക്കു പുതിയ സ്നേഹിതന്മാരെ കിട്ടും. (4) നിങ്ങൾ ആകുവാൻ ആഗ്രഹിക്കാത്ത സ്ഥാനത്താണെങ്കിലും നിങ്ങൾ ദൈവത്തോട് അടുത്താണെങ്കിൽ, നിങ്ങൾ ആകുവാൻ ആഗ്രഹിച്ച സ്ഥാനത്തു ദൈവത്തിന് നിങ്ങളെ അനുഗ്രഹിക്കാൻ കഴിയുന്നതുപോലെ അവിടെയും അവനു നിങ്ങളെ അനുഗ്രഹിക്കാൻ കഴിയും." ഒരു വലിയ ഇളിഭ്യത വെല്ല്യമ്മയുടെ മുഖത്തു തെളിഞ്ഞുവന്നു. "ഇതു നീ കാത്തുകൊൾക, ഡേവിഡേ, എന്നെങ്കിലും നീ ഒരു ഉപദേഷ്ടാവ് ആയേക്കാം."*

ആ പ്രബോധന വാക്കുകളാൽ, ഞാൻ വെല്ല്യമ്മ റോപ്പറോട് ഒരു നിമിഷത്തേക്ക് "വിട പറഞ്ഞു" അവൾ എന്നോട് സംസാരിച്ചപ്പോൾ നിങ്ങൾ ശ്രദ്ധിച്ചിരിക്കും എന്നു ഞാൻ കരുതുന്നു; നിങ്ങൾ വ്യക്തിപരമായി ഇതു പ്രയോഗിക്കും എന്നാണെന്റെ പ്രാർത്ഥന.

**ഉപസംഹാരം**

പെട്ടെന്നോ അല്ലെങ്കിൽ പിന്നീടോ, നിങ്ങൾ ആകുവാൻ ആഗ്രഹിക്കാത്ത സ്ഥാനത്ത് നിങ്ങൾ *എത്തും*. അങ്ങനെ ആകുമ്പോൾ, സാഹചര്യത്തെ നന്നാക്കുവാനും അവനിൽ ആശ്രയിക്കുവാനും ദൈവം നിങ്ങളെ സഹായിക്കട്ടെ![49]

നാം പറഞ്ഞതായ സ്ഥലം (അല്ലെങ്കിൽ സാഹചര്യം അല്ലെങ്കിൽ അവസ്ഥ) അതിൽ നിങ്ങൾക്കു കുറച്ചോ അല്ലെങ്കിൽ ഒട്ടുമോ നിയന്ത്രണം ഇല്ല. എങ്ങനെയായാലും, ചിലപ്പോൾ, നിങ്ങൾ ആകുവാൻ ആഗ്രഹിക്കാത്ത സ്ഥാനത്തായി കണ്ടാൽ അവിടെ നിങ്ങൾക്കു ചിലതു *ചെയ്യാൻ* കഴിയും. സ്ഥിതി അതാണെങ്കിൽ, ക്ഷോഭിക്കയോ പരാതിപ്പെടുകയോ ചെയ്യാതെ, ചെയ്യാൻ കഴിയുന്നതു *ചെയ്യുക!*

ഏറ്റവും ഭയാനകമായ സ്ഥലം *ദൈവത്തിൽ നിന്ന്* അകലെയുള്ളതാണ് (യെശയ്യാവ് 59:1, 2). ആ ഒരവസ്ഥയിൽ നിങ്ങൾ ഒരിക്കലും ആകുവാൻ ആഗ്രഹി*ക്കരുത്*, അവിടെ നിങ്ങൾ മരിക്കുകയാണെങ്കിൽ, നിങ്ങൾ അവസാനം കത്തുന്ന നരകത്തിൽ എത്തും, നിങ്ങൾ പോകുവാൻ ആഗ്രഹി*ക്കാത്ത* സ്ഥലം – പക്ഷെ അപ്പോഴേക്കും കർത്താവിലേക്കു തിരിയുവാൻ ആഗ്രഹിച്ചുപോകും! നിങ്ങൾക്കു ചിലതു *ചെയ്യുവാൻ* കഴിയുന്ന സാഹചര്യം ഇപ്പോഴാണ് – നിങ്ങൾ അധികനാൾ കാത്തിരിക്കുന്നില്ലെ

ങ്കിൽ. ആത്മിയമായി നിങ്ങൾ ആഗ്രഹിക്കാത്ത സ്ഥാനത്തു നിങ്ങളെ കണ്ടെത്തിയാൽ നിങ്ങൾ എന്തു ചെയ്യും? കർത്താവിൽ വിശ്വസിച്ച്, നിങ്ങളുടെ പാപത്തിൽ നിന്നു മാനസാന്തരപ്പെട്ട്, കർത്താവിലേക്കു തിരിയുക.[50] അവനു നിങ്ങളെ വിടുവിക്കാൻ കഴിയും വിടുവിക്കയും ചെയ്യും!

---

കുറിപ്പുകൾ

[1]പൗലൊസ് റോമയിലേക്ക് യാത്ര ചെയ്ത പടം നോക്കുക. [2]ഈ പാഠത്തിൽ വെല്ല്യമ്മ നല്കിയ ചെറിയ ഉപദേശങ്ങൾ ബുദ്ധിപരവും, ദൈവ - ഭക്തിയുള്ളതും നിറഞ്ഞവ നമുക്കു ഉപകാരപ്രദമാകും നമുക്ക് നമ്മോടു തന്നെ ദു:ഖം തോന്നുമ്പോൾ. [3]മറ്റു പരിചയമുള്ള വെല്യമ്മയെ പകരം എടുക്കാം. ഞാൻ താമസിക്കുന്ന സ്ഥലത്തു, "ഗ്രാന്റ്മാ" അല്ലെങ്കിൽ "ഗ്രാനി" എന്നാണ് പറയുന്നത്. എന്റെ ഭാര്യ അവളുടെ പേരക്കുട്ടികൾക്ക് "നാനാ" ആണ്. തീർച്ചയായും, ഈ ആശയം ഒരു കെട്ടുകഥയായി നിങ്ങൾക്കു തോന്നുന്നു എങ്കിൽ, പകരം *നിങ്ങളുടെ പേരിന്റെ* അവസാനമാക്കി മാറ്റാം. [4]സാധാരണ പറയാറുള്ളതാണ് ഈ പാഠത്തിലെ മിക്ക മുഖ്യതലവാചകങ്ങളും; ചിലതു പഴഞ്ചൊല്ലായി തരംതിരിക്കാം. ഇതു ലോകത്തിന്റെ പല ഭാഗത്തും എടുക്കാവുന്നതാണ്. ഇതേ ആശയം വരുന്ന പ്രാദേശിക ചൊല്ലുകൾ നിങ്ങൾക്കു സ്വീകരിക്കാം. [5]അവസാനത്തെ രണ്ടുവാചകങ്ങൾ എടുത്തിരിക്കുന്നതു ചാൾസ് ആർ. സ്വിൻഡൽ, *ദ സ്ട്രെങ്ങ്ത്ത് ഓഫ് ആൻ എക്സാറ്റിങ്ങ്പാഷൻ* (അനാഹെയിം, കാലിഫ്.: ഇൻസൈറ്റ് ഫോർ ലിവിങ്ങ്, 1992), 144. [6]അവർ യുദ്ധക്കളമാക്കാവുന്ന സ്ഥലം നോക്കിയപ്പോൾ "കണ്ടെത്തിയതാകാം," ഒരുപക്ഷെ അവരെ കണ്ടെത്തിയ ഭൂവാസികളിൽ നിന്നാകാം കണ്ടത്. [7]"മെലിത്താ" ഗ്രീക്കിലെ മെലീത്തേ എന്നതു ലിപി മാറ്റി എഴുതിയതാണ്: *മെലീത്തേ*. ഇന്നു, ആ ദ്വീപ് അറിയപ്പെടുന്നതു മെലിത്താ എന്നാണ് (മെലിത്താ *രാജ്യത്തിൽ* മൂന്നു ദ്വീപുകൾആണ് അതിൽ രണ്ടെണ്ണത്തിൽ വലിയ പാറകൾ മാത്രമായതുകൊണ്ട് ഭൂവാസികൾ അവിടെ ഇല്ല. ഏറ്റവും വലിയ താമസയോഗ്യമായ ദ്വീപുകളെ ഇന്നും മെലിത്താ എന്നാണ് വിളിക്കുന്നത്). [8]ലൂക്കൊസ് പറഞ്ഞത്, "ഈ അഭയാർത്ഥി ദ്വീപിന്റെ പേർ അനുയോജ്യംഎന്നു നാം തിരിച്ചറിഞ്ഞിരിക്കുന്നു എന്നാകാം!" [9]റിക്ക് ആച്ച്ലെ, "സ്റ്റക്ക് ഓൺ എ ഡിസെർവ്ഡ് ഐലന്റ്" എന്ന, 1987 ഏപ്രിൽ 19 ന്, ടെക്സാസിലെ, അബിലീനിൽ ഉള്ള, സതേൺ ചർച്ച് ഓഫ് ക്രൈസ്റ്റിൽ പ്രസംഗിച്ചത് (എംഫെസിസ് മൈൻ). [10]ഗ്രീക്കുപുസ്തകത്തിൽ അക്ഷരികമായി "സാധാരണം അല്ല" എന്നാണ്.

[11]"ദയ" എന്ന വാക്ക് ഗ്രീക്കിന്റെ ക്രിയാരൂപം തർജ്ജിമ ചെയ്തതാണ് അതിൽ നിന്നാണ് നമുക്ക് "ഫിലാത്രോപ്പി" എന്ന വാക്ക് കിട്ടിയത്, അർത്ഥം "മനുഷ്യവർഗ്ഗത്തെ സ്നേഹിക്കുന്നവൻ" എന്നാണ്. [12]മലകളിലും വളവുകളിലും ഉയർന്ന സ്പിഡിൽ ഓടിക്കുന്ന വിനോദ പാർക്കുകളിലെ ഒരുതരം വാഹനമാണ് റോളർ ക്ലസ്റ്റർ. [13]സ്വിന്റൽ, 146. [14]വില്ല്യം ബാർക്ലേ, *ദ ആക്സ് ഓഫ് ദ അപ്പൊസ്തൽസ്*, ദ ഡെയ്‌ലി സ്റ്റഡി ബൈബിൾ സീരീസ്, റെവ. ഇഡി (ഫിലദെൽഫിയ: വെസ്റ്റ് മിനിസ്റ്റർ പ്രെസ്സ്, 1976), 187. [15]റിച്ചാർഡ് എൻ. ലോൻജെനെക്കർ, *"ദ ആക്സ് ഓഫ് ദ അപ്പൊസ്തൽസ്," ദ എക്സ്പൊസിറ്റേഴ്സ് ബൈബിൾ കമെന്ററി,* ഇഡി. ഫ്രാങ്ക് ഇ. സീബെലെയിൻ, വാല്യം 9 (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ പബ്ലിഷിങ്ങ് ഹൗസ്, 1981), 563. (ഇന്നു മെലിത്തയിലെ 96 ശതമാനവും, അതായത് ലോകത്തിലെ ഏറ്റവും സാക്ഷരതയുള്ള പ്രദേശമാണത്.) [16]മഴയിൽ തീ കത്തിക്കുന്നതു ഒരു വെല്ലുവിളി തന്നെയാണ്. മഴയിൽ കെട്ടുപോകാതെ എപ്പോഴും വിറക് ഇട്ടുകൊണ്ടിരിക്കയും നനഞ്ഞ വിറകുകൾ ആളിക്കത്തുമ്പോൾ ഇട്ടു അതിന്റെ നനവു മാറ്റുകയും വേണം. [17]ബാർക്ലേ, 187. [18]ജെ.ഡബ്ല്യു.

മെക്ഗാർവേ, *ന്യൂ കമെന്ററി ഓൺ ആക്സ് ഓഫ് അപ്പൊസ്തൽസ്*, വാല്യം 2 (ഡിലൈറ്റ്, ആർക്ക്.: ഗോസ്പെൽ ലൈറ്റ് പബ്ലിഷിങ്ങ് കമ്പനി, എൻ. ഡി.), 275. [19]വാരെൻ ഡബ്ലിയൂ. വിയേഴ്സ്ബേ, *ദ ബൈബിൾ എക്സ്പൊസിഷൻ കമെന്ററി*, വാല്യം 1 (വീറ്റൺ, Ill.: വിക്ടർ ബുക്സ്, 1989), 510. [20]“ആത്മനിയന്ത്രണം പാലിക്കുക” അല്ലെങ്കിൽ “ശാന്തമായി ഇരിക്കുക” എന്ന അർത്ഥം വരുന്ന പ്രാദേശിക പ്രയോഗങ്ങൾ ആകാം. ഞാൻ താമസിക്കുന്ന പ്രദേശത്ത് “കീപ്പ് അവർ കൂൾ” എന്നാണ്.

[21]മെലിത്തയിൽ ഇപ്പോൾ വിഷപ്പാമ്പുകളില്ല (മുൻപു പറഞ്ഞ വനവും ഇന്നില്ല), അതു സംശയാലുക്കളെ “പാമ്പു സംഭവം” തള്ളിക്കളയുന്നതാകുന്നു. ഇന്നു, എങ്ങനെയായാലും, മെലിത്ത ഭൂമിയിലെ ഏറ്റവും ജനസാന്ദ്രതയുള്ള പ്രദേശമാണ്: ചതുരശ്ര മൈലിൽ മൂവായിരം ആളുകളുണ്ട്. (ഞാൻ താമസിക്കുന്ന, അർക്കെൻസാസിൽ, ചതുരശ്ര മൈലിൽ നാല്പത്തി - അഞ്ചു ആളുകളേ ഉള്ളൂ.) വനവും ഇഴജന്തുക്കളും അപ്രത്യക്ഷമായി എന്നു വിശ്വസിക്കാൻ, ഇതു, മാത്രം മതിയാകും. [22]പൗലൊസിനു കാഴ്ച്ചക്കുറവുണ്ടായിരുന്നതു കൊണ്ട് (ഗലാതൃർ 4:15; 6:11-ൽ പറഞ്ഞതുപോലെ), വിറകിൽ പാമ്പുകിടന്നതു കണ്ടിരിക്കാനിടയില്ല എന്നാണ് ചില വ്യാഖ്യാതാക്കൾ പറയുന്നത്. എങ്ങനെയായാലും, ഇതേ അനുഭവം ഉണ്ടായിട്ടുള്ള സ്നേഹിതന്മാർ എനിക്കുണ്ട് (പാമ്പു കടി ഏറ്റവർ പോലും), അവർക്കു പൂർണ്ണ കാഴ്ച്ച ഉണ്ടായിട്ടും സംഭവിച്ചു. അപ്പോൾ ഇത് ആർക്കും സംഭവിക്കാം. [23]ചില സംശയാലുക്കൾ പാമ്പു സംഭവം സമ്മതിക്കുന്നുണ്ടെങ്കിലും, പാമ്പു പൗലൊസിനെ കടിച്ചിട്ടില്ല എന്നാണ് അവർ കരുതുന്നത്. പിന്നെ അണലി എങ്ങനെ പൗലൊസിന്റെ കൈയിൽ ചുറ്റി? സാധാരണ അണലി വെറുതെ ചുറ്റിക്കിടക്കാറില്ല, പിടിക്കാൻ അതിനു കൈകളുമില്ല. അണലിക്കു കയ്യിൽ തൂങ്ങിക്കിടക്കാൻ പറ്റുന്നത് അതിന്റെ വിഷപ്പല്ലുകൾ മാംസത്തിൽ ആണിറങ്ങിയാൽ മാത്രമെ സാധിക്കൂ. [24]“നീതി” എന്ന വാക്ക് ഗ്രീക്കു വാക്കായ *ഡികേ* എന്നതു തർജ്ജിമ ചെയ്താൽ അതു ഒരു പക്ഷെ വലിയ അക്ഷരത്തിൽ “ജെ” എന്നു തുടങ്ങിയിരിക്കും. അന്യദേവന്മാരെ വണങ്ങിയിരുന്നവർ വ്യക്തിപരമായി ദേവന്മാർ അല്ലെങ്കിൽ ദേവിമാർ എന്ന ആശയം എടുത്തിരുന്നു. (“പ്രവൃത്തികൾ, 4-ാം” ലക്കത്തിലെ “[കർത്താവിന്റെ വേലയിൽ] നിങ്ങൾ എങ്ങനെയാണ് വിജയിക്കുന്നത്?” എന്ന പാഠത്തിലെ “പുനരുത്ഥാനം” എന്നതിന്റെ നോട്ടുകൾ നോക്കുക.) ദ്വീപുവാസികൾ ഒരു പക്ഷെ സൂചിപ്പിക്കുന്നത് ഗ്രീക്കു ദേവതയായ ഡീക്കേയോ അല്ലെങ്കിൽ ഫൊയിനീഷ്യൻ പങ്കാളിയെയൊ ആകാം. [25]ഒരു പക്ഷെ പൗലൊസിന്റെ കയ്യിൽ ചങ്ങലകൊണ്ട് ബന്ധിച്ചിരിക്കാം (അതു പൗലൊസ് വെള്ളത്തിലേക്കു ചാടുന്നതിനു മുൻപു നീക്കിയിരിക്കും). എങ്ങനെയായാലും, ഒരു പക്ഷെ, രക്ഷപ്പെട്ടമറ്റുള്ളവരിൽ നിന്നാകാം പൗലൊസ് തടവുകാരനാണെന്ന് ദ്വീപുവാസികൾ അറിഞ്ഞത്. പക്ഷെ, അവനിൽ ചുമത്തപ്പെട്ട കുറ്റം എന്താണെന്ന്, അവർ അറിഞ്ഞിരിക്കാനിടയില്ല. [26]മനുഷ്യരെക്കുറിച്ചു പല പുരാതന ഇതിഹാസങ്ങളും ഒരു പക്ഷെ പരിചയം ഉണ്ടായിരുന്നേക്കാം, അതനുസരിച്ചു കടലിൽ നിന്നു രക്ഷപ്പെട്ടശേഷം മറ്റേതെങ്കിലും വിധത്തിൽ കൊല്ലുന്നതു ദേവന്മാരാണ്. ഒരു ഇതിഹാസത്തിൽ, ദേവൻ പാമ്പിനെ വിട്ടു കടിപ്പിച്ചു കൊല്ലിക്കും എന്നു പറയുന്നു. [27]“സർപ്പങ്ങളെ പിടിച്ചെടുക്കും” എന്ന വാഗ്ദാനം ഉപദ്രവിക്കപ്പെടാതെ നിറവേറുന്നതായി ഈ ഒരു ഉദാഹരണമേയുള്ളൂ - ഇതു മന:പ്പൂർവ്വം ചെയ്തതല്ല, യാദൃശ്ചികമായി സംഭവിച്ചതാണ് പാമ്പിനെ - കൈകാര്യം ചെയ്യുന്ന ആളുകൾ ഈ തിരുവെഴുത്തിനെ, തെറ്റായി ഉപയോഗിക്കുന്നുണ്ട് (മത്തായി 4:7), അവരുടെ ശരീരങ്ങളെ അനാവശ്യസാഹസത്തിനു ഏല്പിച്ചു കൊടുക്കയാണ് (1 കൊരിന്ത്യർ 3:17). [28]“വീർക്കുക” എന്ന ഗ്രീക്കു തർജ്ജിമക്കു ലൂക്കൊസ് ഉപയോഗിച്ച മെഡിക്കൽ വാക്കാണ്. “ഒരു വിഷപ്പാമ്പു കടിച്ചാൽ, അതിന്റെ വിഷം രക്തത്തിൽ പ്രവേശിക്കുകയും, സൂക്ഷമധമനികളെ പൊട്ടിച്ച്, ഉള്ളിൽ മാരകമായ കേടുവരുത്തുന്നു. കടിയേറ്റ ഭാഗം വീർക്കുകയും, വിഷം ശക്തിയുള്ളതാണെങ്കിൽ കടിയേറ്റ ആൾ ഉടനെ മരിക്കും” (സൈമൺ ജെ. കിസ്റ്റെമേക്കർ, *ന്യൂ ടെസ്റ്റമെന്റ് കമെന്ററി: എക്സ്പൊസിഷൻ ഓഫ് ദ ആക്സ് ഓഫ് ദ അപ്പൊസ്തൽസ്* [ഗ്രാന്റ് റാപ്പിഡ്സ്,

മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1990], 949). [29]ചില സംശയാലുക്കൾ പറയുന്നതു പാമ്പു പൗലൊസിനെ കടിച്ചു എന്നാൽ, പാമ്പു വിഷമുള്ളതായിരുന്നില്ല എന്നാണ്. അവിടത്തുകാരായ ദ്വീപുവാസികൾ, പാമ്പു വിഷമുള്ളതാണെന്ന് തിരിച്ചറിഞ്ഞിരുന്നു. അവരുടെ തീർപ്പ് നാം എന്തടിസ്ഥാനത്തിൽ നിഷേധിക്കും - ബൈബിൾ അത്ഭുതങ്ങൾ വിശ്വസിക്കാതിരിക്കാൻ വെറുതെ സംശയിക്കുന്നു എന്നു മാത്രം? [30]മെക്ഗാർവേ, 276. ലുസ്ത്രയിലെ, ആളുകൾ ആദ്യം വിചാരിച്ചത് പൗലൊസും ബർന്നബാസും ദേവന്മാരാണെന്നാണ്, പിന്നെ അവർ പൗലൊസിനെ കൊല്ലുവാൻ ശ്രമിച്ചു. ("പ്രവൃത്തികൾ, 3-൧൦" ലക്കത്തിലെ, "ആദരവിൽ നിന്നു അപമാനത്തിലേക്ക്" എന്ന പാഠം നോക്കുക.)

[31]ലോഞ്ചെനെക്കർ, 564. [32]ഗ്രീക്കിൽ ആക്ഷരികമായി "ദ്വീപിലെ പ്രഥമ [മനുഷ്യൻ] എന്നാണ്." [33]റിച്ചാർഡ്സ് ഓസ്റ്റർ, *ദ ആക്സ് ഓഫ് ദ അപ്പൊസ്തൽസ്*, പാർട്ട് 2, ദ ലിവിങ്ങ് വേഡ് കമെന്ററി സീരീസ് (ആസ്റ്റിൻ, ടെക്സാസ്.: സ്വീറ്റ് പബ്ലിഷിംഗ് കമ്പനി, 1979), 174. [34]"ഞങ്ങൾ" എന്ന് ലൂക്കൊസ് പറഞ്ഞതിൽ എത്ര പേർ ഉണ്ടെന്നു നമുക്ക് അറിയില്ല. തീർച്ചയായും, പുബ്ലിയോസിന്റെ ജന്മഭൂമിയിൽ രക്ഷിക്കപ്പെട്ട മിക്കവരെയും, അല്ലെങ്കിൽ എല്ലാവരെയും അവർക്ക് മറ്റുഏർപ്പാടുകൾ ചെയ്തു തീർക്കുന്നതുവരെ താമസിക്കാൻ സൗകര്യം കൊടുത്തിരിക്കാൻ സാധ്യതയുണ്ട്. [35]മൂന്നു ദിവസം അവർ പുബ്ലിയോസിന്റെ അതിഥികളായി താമസിച്ചശേഷം, അവർ ദ്വീപിൽ കഴിഞ്ഞ മൂന്നുമാസത്തെ വിവരങ്ങൾ അധികം ലൂക്കൊസ് നല്കിയിട്ടില്ല. സ്പഷ്ടമായും, അതിനുശേഷം, പൗലൊസിനു മറ്റും സ്ഥിരമായി താമസിക്കാനുള്ള സൗകര്യം ഒരുക്കി - അങ്ങനെ പിന്നെ അവർ "അതിഥികൾ" എന്നതു മാറി. [36]ചിലപ്പോൾ, നമ്മളും സഹായം അഭ്യർത്ഥിക്കുമ്പോൾ ബന്ധം ശക്തമാക്കുന്നതിനു അതു സ്വീകരിക്കാറുണ്ട്. [37]ഗ്രീക്കു പുസ്തകത്തിൽ അക്ഷരികമായി "ഫീവേഴ്സ്" എന്നത്. [38]ഇവിടത്തെ ഗ്രീക്ക് വാക്ക് (*ഡ്യൂസെന്റ്റിയ*) എന്നാണ് അതിൽ നിന്നാണ് നമുക്കു "ഡിസെന്റ്റി" എന്ന വാക്ക് കിട്ടിയത്. ലൂക്കൊസ് മെഡിക്കൽ വാക്കുകൾ ഉപയോഗിച്ചതിന്റെ മറ്റൊരു ഉദാഹരണത്തിന് ദേശാധിപതിയുടെ അപ്പനു മെലിത്താ പ്പനി ആയിരുന്നു, അതു ശരീരത്തെ ക്ഷീണിപ്പിക്കുന്നതും രണ്ടു മൂന്നു വർഷം വരെ നീണ്ടു പോയേക്കാവുന്നതുമാണ് (ആരോഗം 1887-ൽ കണ്ടുപിടിച്ചതും മെലിത്തയിലെ ആടുകളുടെ പാലിൽ കലർന്ന ഒരു തരം മൈക്രോഓർഗാനിസം കാരണമാണുണ്ടാകുന്നത്. ഇതു ലോകത്തിൽ ഓരോ ഭാഗത്തും ഓരോ പേരിൽ ആണ് അറിയപ്പെടുന്നത് അതിന്റെ ശാസ്ത്രീയ നാമം ബ്രുസെല്ലോസിസ് എന്നാണ്. ഈ രോഗം വന്നാൽ "വിറയലും, പനിയും, തൂക്കം കുറയും, സന്ധികളിലും പേശികളിലും വേദനയുണ്ടാകും, പ്ലീഹ വീക്കവും ഉണ്ടാകും. ഗൗരവമായ മസ്തിഷ്ക്കവീക്കവും ഉണ്ടായേക്കാം" [*ഗ്രോലിയാർ മൾട്ടിമീഡിയ എൻസൈക്ലോപീഡിയ* (1995), എസ്. വി. "ബ്രൂസെല്ലോസ്," ബൈ ജെ. മൈക്കൽ എസ്. ഡിക്സൺ]). [39]സുവിശേഷ വിവരണങ്ങൾക്കു പുറമേ തൊട്ടു സൗഖ്യം വരുത്തിയതു ഇവിടെ മാത്രമാണ്; ഒരു - പക്ഷെ ഇവിടെ മൃദുത്വ സൂചന ഒന്നും ഇവിടെ പറയുകയില്ല. ഒരു കാര്യം തീർച്ച: ഇന്നത്തെ ആധുനിക "രോഗശാന്തിക്കാർ" ചെയ്യുന്നതുപോലെ പുതിയനിയമ രോഗസൗഖ്യം നടത്തിയവർ ആരും ആളുകളുടെ തലയിൽ *അടി*ച്ചിട്ടില്ല. [40]ഈ രംഗം യേശു കഫർന്നഹൂമിൽ പത്രൊസിന്റെ - അമ്മാവി - അമ്മയെ സൗഖ്യമാക്കിയതുമായി സാമ്യമുണ്ട് (മർക്കൊസ് 1; ലൂക്കൊസ് 4). മെലിത്തയിലെ അത്ഭുതം അവസാനത്തേതാണ്, അല്ലെങ്കിൽ പൗലൊസ് ചെയ്തതു വിവരിക്കപ്പെട്ട അവസാനത്തേത്. വാരെൻ ഡബ്ലിയു. വിയേഴ്സ്ബേ പറഞ്ഞു, "പൗലൊസിന്റെ ശുശ്രൂഷാവേളയിൽ ക്രമേണ അത്ഭുതവരം നിന്നുപോകുന്നുണ്ട്. ദൈവം പൗലൊസിൽ കൂടെ പ്രത്യേക അത്ഭുതം നടത്തി (പ്രവൃത്തികൾ 19). ജാതികൾക്കു സാക്ഷ്യത്തിനായിരുന്നു അത്; ഇവിടെ മെലിത്തയിൽ, ദൈവം പൗലൊസിനു രോഗ സൗഖ്യം വരുത്തുവാൻ ശക്തി കൊടുത്തു. എങ്കിലും, രണ്ടു വർഷത്തിനുശേഷം പൗലൊസ് റോമയിൽ നിന്നും എഴുതിയപ്പോൾ, എപ്പഫ്രൊദിത്തൊസിനു മരിക്കത്തക്ക രോഗം ബാധിച്ചിരുന്നു എന്നു പറയുന്നുണ്ട് (ഫിലിപ്പിയർ 2:25-30); 2 തിമൊഥെയൊസ് 4:20, അവൻ പറയുന്നതു ത്രൊഫിമൊസിനെ മിലേത്തിൽ

രോഗിയായി വിട്ടേച്ചു പോകേണ്ടിവന്നു എന്നാണ്" (*വിയേഴ്സ്ബേസ് എക്സ്പോസിറ്ററി ഔട്ട്ലൈൻസ് ഓൺ ദ ന്യൂ ടെസ്റ്റമെന്റ്* [വീറ്റൺ, Ill.: വിക്ടർബുക്ക്സ്, 1992], 355).

[41]ഫ്രിറ്റ്സ് റിലേനെക്കാർ, *എ ലിങ്ഗ്വിസ്റ്റിങ്ങ് കീ ടു ദ ഗ്രീക്ക് ന്യൂ ടെസ്റ്റമെന്റ്*, ഇഡി. ക്ലെയോൺ എൽ. റോജേഴ്സ്, ജൂനിയർ. (ഗ്രാന്റ് റാപ്പിഡ്സ്, മൈക്.: സോണ്ടർവാൻ പബ്ലിഷിങ്ങ് ഹൗസ്, റീജെൻസി റെഫറൻസ് ലൈബ്രറി, 1980), 343. [42]ബാർക്ലേ, 189. (ഊന്നൽ അദ്ദേഹത്തിന്റെ.) [43]തന്റെ നേതൃത്വം കപ്പലിലുണ്ടായിരുന്നവർ അംഗീകരിച്ച ആരംഭസമയം പൗലൊസിനുണ്ടായിരുന്നു. അതേ ആരംഭ സ്ഥാനം ദ്വീപുവാസികളിലും ഉണ്ടായിരുന്നു: അവരുടെ ലൗകിക - കാഴ്ചപ്പാട് അന്യദേവനെ നമസ്ക്കരിക്കുന്നതുമായിട്ടായിരുന്നെങ്കിലും, ചില കാര്യങ്ങൾ ശരിയും മറ്റു ചിലതു തെറ്റും ആണെന്ന ആശയം അവരിലുണ്ടായിരുന്നു, അതുപോലെ തിന്മ പ്രവർത്തിക്കുന്നവർ ശിക്ഷിക്കപ്പെടണമെന്നും ഉള്ള ആശയം അവർക്കുണ്ടായിരുന്നു (വാക്യം 4). ആ ആശയത്തിൽ നിന്നും അവനു ന്യായവിധിയിൽ നിന്നു നമ്മെ രക്ഷിക്കുവാൻ കഴിയുന്ന രക്ഷകനെക്കുറിച്ചു പ്രസംഗിക്കാൻ കഴിഞ്ഞു. [44]സുവിശേഷങ്ങളിലും പ്രവൃത്തികളുടെ പുസ്തകങ്ങളിലും, സൗഖ്യമാക്കൽ ഒറ്റപ്പെട്ട സംഭവം ആയിരുന്നില്ല. ദൈവസന്ദേശത്തെ ആധികാരികമാക്കുന്നതായിരുന്നു അത്ഭുതങ്ങൾ (യേശുവായിരുന്നാലും അപ്പൊസ്തലന്മാരായാലും), പിന്നെ സന്ദേശം നല്കുമായിരുന്നു. [45]മെലിത്താ ദ്വീപിൽ പൗലൊസിനു പരിവർത്തനമൊന്നും നടന്നില്ല എന്നു ചില എഴുത്തുകാർ തീർച്ചപ്പെടുത്തുന്നു "കാരണം ലൂക്കൊസ് പറഞ്ഞിട്ടില്ല." എങ്ങനെയായാലും, റോമയിലും പരിവർത്തനം നടന്നതായി ലൂക്കൊസ് പറഞ്ഞിട്ടില്ല, എന്നാൽ തലസ്ഥാന നഗരത്തിൽ പരിവർത്തനങ്ങൾ നടന്നതായി മറ്റെഴുത്തുകളിൽ നിന്നും നമുക്കറിയാം (ഫിലിപ്പിയർ 1:12, 13; 4:22; ഫിലെമൊൻ 10). മെലിത്തയിലേയും റോമയിലെയും പരിവർത്തനങ്ങൾ കുറിക്കുന്നതു തന്റെ ഉദ്ദേശം അല്ലായിരിക്കാം. [46]പ്രവൃത്തികൾ 27:1-ലെ നോട്ടുകൾ നോക്കുക. [47]എടുത്തത് റിക്ക് ആച്ച്ലേ, "സ്റ്റക്ക് ഓൺ എ ഡിസേർവ്ഡ് ഐലന്റ്," 1987 ഏപ്രിൽ 19 ന്, ടെക്സാസിലെ, അബിലീനിൽ, സതേൺ ചർച്ച് ഓഫ് ക്രൈസ്റ്റിൽ പ്രസംഗിച്ചതിൽനിന്ന്. [48]ഇതു അനുമോദനമായി പണം നല്കുന്നതാണ് മൂലഗ്രന്ഥത്തിൽ അക്ഷരികമായി "അനവധി സമ്മാനങ്ങളാണ് [അവർ] ഞങ്ങളെ ആദരിച്ച്." ചിലപ്പോൾ (പലപ്പോഴും അല്ല), "മാനിച്ചു" എന്ന വാക്ക് തർജ്ജിമ ചെയ്തതു സൂചിപ്പിക്കുന്നത് സാമ്പത്തിക സഹായം നല്കുന്നതിനെ സൂചിപ്പിക്കുന്നതാണ് (1 തിമൊഥെയൊസ് 5:17). [49]പറഞ്ഞ പോയിന്റുകൾ ആവശ്യമെങ്കിൽ പുനരാവർത്തനം ചെയ്യാം. [50]ഒരു അ - ക്രൈസ്തവൻ എങ്ങനെ രക്ഷിക്കപ്പെടുമെന്നു പറയുവാനുള്ള നല്ല സമയം ഇതാണ്. അതുപോലെ തെറ്റിപ്പോയ ഒരു ദൈവപൈതൽ യഥാസ്ഥാനപ്പെടുവാൻ എന്തു ചെയ്യണമെന്നു പറയുവാനും.